**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **14-09-2023 - ൽ മറുപടിയ്ക്ക്**

**മിഷൻ 1000 ന്റെ ഭാഗമായി എം.എസ്.എം.ഇ. സംരംഭങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മിഷൻ 1000 ന്റെ ഭാഗമായി എം.എസ്.എം.ഇ. സംരംഭങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ ശരാശരി 100 കോടി വിറ്റുവരവ് ഉള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ട് വരാനുള്ള പദ്ധതിയാണ് മിഷൻ-1000. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് ഈ പദ്ധതിയിൽ MSME- കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ താഴെപ്പറയുന്ന പ്രകാരമാണ്.<br><br>UDYAM രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്ത ഒരു MSME ആയിരിക്കണം<br><br>കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനത്തിലായിരിക്കണം (2023 മാർച്ച് 31 വരെ)<br><br>ഉത്പാദന/സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം<br><br>എം.എസ്.എംഇ-കൾക്ക് ഈ സ്കീമിനായി അപേക്ഷിക്കാൻ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട് (https://mission1000.industry.kerala.gov.in). നിക്ഷേപങ്ങൾ, വാർഷിക വിറ്റുവരവുകൾ, ലാഭം, ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയവ MSME-കൾ പോർട്ടൽ മുഖേന സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, ഒരു സ്കോറിംങ് മാനദണ്ഡം ഉപയോഗിച്ച് പരിശോധിച്ച് എം.എസ്.എം.ഇ.-കളെ റാങ്ക് ചെയ്യും. റാങ്ക് ലിസ്റ്റിൽ |

നിന്ന് മികച്ച 1000 യൂണിറ്റുകളെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കും.

തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:

മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടിരൂപ)

പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ)

സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെ)

സാങ്കേതിക നവീകരണത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക സഹായം

ഗുണനിലവാര സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് പ്രത്യേക സഹായം

തിരഞ്ഞെടുക്കപ്പെടുന്ന ഓരോ സംരംഭങ്ങളേയും വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കും

വ്യവസായ വകുപ്പിന്റെ എല്ലാ പദ്ധതികളിലും മുൻഗണന

സ്കെയിൽ അപ്പ് മിഷൻ പദ്ധതി കേരളത്തിലെ എം.എസ്.എം.ഇ-കൾക്ക് അവരുടെ ബിസിനസ്സിൽ വളർച്ച കൈവരിക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനും ഒരു അതുല്യമായ അവസരം നൽകുന്നു. കൂടാതെ, സുതാര്യമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് വിവിധ പ്രോത്സാഹനങ്ങൾ നൽകുന്നത് വഴി സംസ്ഥാനത്തെ സംരംഭങ്ങൾക്ക് വളർച്ചയുടെയും വികസനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും.

2023 ലെ കേരളാ വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള മുൻഗണനാമേഖലകളിൽ താഴെ പറയുന്ന 21 മേഖലകൾ മിഷൻ- 1000 ന്റെ മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. എയ്റോസ്പേസ്&ഡിഫൻസ്

| | | | |
|---|---|---|---|
| | | | 2.നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ<br>3.ആയുർവേദം<br>4.ബയോടെക്നോളജി&ലൈഫ് സയൻസസ്<br>5.രൂപകല്പന<br>6.ഇലക്ട്രിക് വാഹനങ്ങൾ<br>7.എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും<br>8.ഇലക്ട്രോണിക് സിസ്റ്റം രൂപകല്പനയും ഉല്പാദനവും<br>9.ഭക്ഷ്യ സാങ്കേതിക വിദ്യകൾ<br>10.ഗ്രാഫീൻ<br>11.ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ<br>12.ഹൈടെക് ഫാമിംങ്ങും മൂല്യവർദ്ധിത തോട്ടവിളയും<br>13.ലോജിസ്റ്റിക്സ്&പാക്കേജിംഗ്<br>14.മാരിടൈം മേഖല<br>15.മെഡിക്കൽ ഉപകരണങ്ങൾ<br>16.നാനോ ടെക്നോളജി<br>17.ഫാർമസ്യൂട്ടിക്കൽസ്<br>18.റീസൈക്ലിംഗും മാലിന്യ സംസ്കരണവും<br>19.പുനരുപയോഗ ഊർജ്ജം<br>20.വിനോദ സഞ്ചാരവും ആതിഥേയത്വവും<br>21.3D പ്രിന്റിംഗ് |
| (ബി) | ഈ സംരംഭങ്ങൾ വഴി എത്ര തൊഴിൽ അവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | മിഷൻ 1000 പദ്ധതിയിലേക്കുള്ള അപേക്ഷകരെ ഓൺലൈൻ പോർട്ടൽ മുഖേനയാണ് തെരഞ്ഞെടുക്കുന്നത്. നിക്ഷേപങ്ങൾ, വാർഷിക വിറ്റുവരവുകൾ, ലാഭം, ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയവ, പോർട്ടലിൽ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, പരിശോധിച്ച് ഒരു സ്കോറിംങ് മാനദണ്ഡം ഉപയോഗിച്ച് എം.എസ്.എം.ഇ-കളെ റാങ്ക് ചെയ്യും. റാങ്ക് ലിസ്റ്റിൽ നിന്ന് മികച്ച 1000 യൂണിറ്റുകളെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കും. സെപ്റ്റംബർ 3 വരെയുള്ള കണക്കു പ്രകാരം 493 പേർ ഈ പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വിവിധ തലത്തിലുള്ള സ്ക്രീനിംഗ് മുഖേന ഇതിൽ നിന്നും അർഹരായ അപേക്ഷകരെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നു വരികയാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകരുടെ സ്കെയിൽ അപ്പ് പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള സാമ്പത്തിക സഹായവും മറ്റു കൈത്താങ്ങ് സഹായങ്ങളും നൽകുന്നത്. പദ്ധതി നടത്തിപ്പ് ഇപ്പോൾ പ്രാഥമികാവസ്ഥയിലാണ്. തെരഞ്ഞെടുക്കപ്പെടുന്ന സംരംഭങ്ങളുടെ സ്കെയിൽ അപ്പ് പ്രൊജക്റ്റ് നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി മുഖേന തൊഴിൽ നൽകിയവരുടെ എണ്ണം ലഭ്യമാവുകയുള്ളൂ . |

സെക്ഷൻ ഓഫീസർ